# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 260** | **28/05/2019-ൽ മറുപടിക്ക്**

## മഴക്കാലരോഗ പ്രതിരോധപ്രവർത്തങ്ങൾ

**ചോദ്യം**

**ശ്രീ.രാജു എബ്രഹാം**

എ) മഴക്കാലരോഗ പ്രതിരോധ-പ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്നത്;

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) "ആരോഗ്യജാഗ്രത 2019" ന്റെ ഭാഗമായി ജനുവരിയിൽ തന്നെ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയും പ്രവർത്തന കലണ്ടറും തയ്യാറാക്കി ഇതര വകുപ്പുകളുടെയും, ഏജൻസികളുടെയും ആരോഗ്യസേനയുടെയും പൊതു-ജനങ്ങളുടെയും പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് നടത്തി വരുന്നു. ഫെബ്രുവരി 4 ന് ബഹു.മുഖ്യമന്ത്രി ഈ പ്രവർത്തനങ്ങൾക്ക് സംസ്ഥാന-തലത്തിൽ ഔദ്യോഗിക തുടക്കം കുറിക്കുകയുണ്ടായി. വിവിധതലങ്ങളിൽ വകുപ്പുതല ഏകോപനയോഗങ്ങൾ, ആലോചനാ യോഗങ്ങൾ, പരിശീലനം, ബോധവത്കരണം, അവശ്യസാധന സാമഗ്രികളുടെ സംഭരണവും, വിതരണവും തുടങ്ങിയവ നടത്തി. വാർഡ്തല ആരോഗ്യ ശുചിത്വ സമിതികൾ ശാക്തീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആരോഗ്യ സേനകളെ സജ്ജമാക്കി. ഇവരുടെ സഹായത്തോടെ ഗൃഹസന്ദർശനം, ശുചീകരണം, കൊതുകുറവിട നശീകരണം, ക്ലോറിനേഷൻ തുടങ്ങിയവ നടത്തിവരുന്നു. പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിന് വേണ്ടി തിരഞ്ഞെടുക്കപ്പെട്ട ദിവസങ്ങളിൽ സംസ്ഥാനത്തുടനീളം ക്യാമ്പയിനുകൾ നടപ്പിലാക്കി. തദ്ദേശസ്വയംഭരണ വകുപ്പിന്റെ "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം" എന്ന പരിപാടിയും ആരോഗ്യവകുപ്പ് തയ്യാറാക്കിയ ആരോഗ്യ ജാഗ്രതാ കലണ്ടറും അനുസരിച്ചുള്ള പ്രവർത്തനങ്ങളും സംയുക്തമായി വാർഡ്തല ആരോഗ്യശുചിത്വ സമിതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം രോഗനിരീക്ഷണം കാര്യക്ഷമമാക്കുകയും രോഗം

പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ദ്രുതകർമ്മസേന സന്ദർശിച്ച് ഊർജ്ജിതരോഗ നിയന്ത്രണ പ്രവർത്തനങ്ങളും യഥാസമയം നടത്തിവരുന്നു. പകർച്ചവ്യാധികൾ ഉണ്ടാകുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നിലവിലുള്ള നിയമങ്ങൾ പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

**ബി)** ഏതൊക്കെ വകുപ്പുകളെ സംഘടിപ്പിച്ചാണ് പ്രവർത്തനം വിപുലപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ബി)** ആരോഗ്യവകുപ്പിനൊപ്പം തദ്ദേശ-സ്വയംഭരണം, വിദ്യാഭ്യാസം, കൃഷി, സാമൂഹ്യനീതി, മൃഗസംരക്ഷണം, റവന്യൂ, പൊതുമരാമത്ത്, ജലവിഭവം, തൊഴിൽ, ഫിഷറീസ്, നിയമം, പട്ടികവർഗ്ഗ വികസനം, പബ്ലിക് റിലേഷൻസ്, ആഭ്യന്തരം തുടങ്ങിയ വകുപ്പുകളോടൊപ്പം ശുചിത്വ മിഷൻ, ഹരിതകേരള മിഷൻ, ഭക്ഷ്യസുരക്ഷ കമ്മീഷൻ, മെഡിക്കൽ വിദ്യാഭ്യാസം, റയിൽവേ തുടങ്ങിയവയെ സംഘടിപ്പിച്ചാണ് രോഗപ്രതിരോധ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തിയിരിക്കുന്നത്.

2018 ഡിസംബർ 5-നും 2019 ജനുവരി 24-നും ഏപ്രിൽ 29-നും മെയ് 16-നും സംസ്ഥാനതലത്തിൽ പകർച്ചവ്യാധി പ്രതിരോധത്തിനായി വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി യോഗങ്ങൾ നടത്തിയിരുന്നു.

**സെക്ഷൻ ഓഫീസർ**